പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 76</u> <u>12.01.2021 ൽ മറുപടിക്ക്</u>

**<u>ശബരിമല വിമാനത്താവള നിർമ്മാണം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിർദ്ദിഷ്ട ശബരിമല അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണ നടപടികൾ ഏതുഘട്ടം വരെയായി; ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് പൂർത്തീകരിച്ചത്; ഇനി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത്; വിശദമാക്കാമോ; | (എ) | ശബരിമലയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന വിമാനത്താവളത്തിന്റെ ടെക്നോഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും, പരിസ്ഥിതി ആഘാത പഠനത്തിനായും തെരഞ്ഞെടുത്ത Louis Berger Consulting Pvt Ltd എന്ന സ്ഥാപനം ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) ലഭ്യമാക്കുകയുണ്ടായി.<br>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം മാനേജിംഗ് ഡയറക്ടറായി ചുമതല അനുഷ്ഠിക്കുന്ന ശ്രീ. വി. തുളസീദാസ് ഐ.എ.എസ് (റിട്ട) ന് ശബരിമല വിമാനത്താവള സ്പെഷ്യൽ ഓഫീസറുടെ അധിക ചുമതല നൽകി ഉത്തരവായിട്ടുണ്ട്.<br>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. DGCA, കേന്ദ്ര പ്രതിരോധ മന്ത്രാലയം എന്നിവയുടെ അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സാമൂഹ്യ പ്രത്യാഘാത പഠനം, മണ്ണ് പരിശോധന, ഡി.ജി.സി.എ ക്ലിയറൻസ്, സർവ്വേ, വിവര ശേഖരണം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | സ്ഥലം ഏറ്റെടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ചെറുവള്ളി എസ്റ്റേറ്റിലെ മുഴുവൻ ഭൂമിയും (2263.18 ഏക്കർ) ഉപയുക്തമാക്കി വിമാനത്താവളം നിർമ്മിക്കുന്നതിലേയ്ക്കായി ടി ഭൂമി ഏറ്റെടുക്കുന്നതിന് 18.06.2020 ലെ സ.ഉ(കൈ) നം. 158/2020/റവ പ്രകാരം ഉത്തരവാകുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവിലെ വില കോടതിയിൽ കെട്ടിവച്ച് ഭൂമി ഏറ്റെടുക്കണമെന്ന നിബന്ധന ബഹു.ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി. കൂടാതെ ഭൂമിയുടെ അവകാശവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത സിവിൽ കേസ് പാലാ മുൻസിഫ് കോടതിയുടെ പരിഗണനയിലാണ്.<br>നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിനാവശ്യമായ ഭൂമിയും ഏറ്റെടുക്കുന്നതിന് നോഡൽ ഏജൻസിയായി കിൻഫ്രയെ ചുമതലപ്പെടുത്തുന്നതിനും, ഡി.പി.ആർ തയ്യാറാക്കുന്നതിന് കെ.എസ്.ഐ.ഡി.സി യെ ചുമതലപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ വെളിച്ചത്തിൽ എപ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ സാധ്യമാക്കാം എന്നത് സംബന്ധിച്ച് നിയമോപദേശം ആരാഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ